**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *74 — 14.01.2021-ൽ മറുപടിക്ക്

**പെസ നിയമം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ<br>ശ്രീ . മഞ്ഞളാംകുഴി അലി<br>ശ്രീ . പി . ഉബൈദുള്ള<br>ശ്രീ . അബ്ദുൽ ഹമീദ് .പി . : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആദിവാസികൾ കൂടുതൽ ഉള്ള പ്രദേശങ്ങളെ പ്രത്യേക മേഖലകളാക്കി പ്രഖ്യാപിച്ച് അവർക്ക് പ്രാതിനിധ്യമുള്ള ഗ്രാമപഞ്ചായത്ത് നിയമം നടപ്പാക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; | എ) | ഉണ്ട്. ആദിവാസി ശാക്തീകരണത്തിനായി പെസ നിയമം - 1996, കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത നിയമത്തിൻ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങൾ, പട്ടികപ്രദേശങ്ങൾ (Scheduled area) ആയി ബഹു. രാഷ്ട്രപതി പ്രഖ്യാപിക്കേണ്ടതുണ്ട്. ഇപ്രകാരം 'പട്ടികപ്രദേശങ്ങൾ' ആയി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിനായി പൊതുവായ മാർഗ നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതിനായി 17.05.2017-ലെ ജി.ഒ(എം.എസ്)നം.38/2017/പജപവവിവ പ്രകാരം ഹയർ ലെവൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| ബി) | 1996-ൽ പാർലമെന്റ് പാസ്സാക്കിയ പെസ നിയമം എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | ബി) | ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**